©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2025 നവംബർ 10<br>10th November 2025<br>1201 തുലാം 24<br>24th Thulam 1201<br>1947 കാർത്തികം 19<br>19th Karthika 1947 | നമ്പർ<br>No. 3973 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

നോട്ടീസ്

ഫാറം-VI

[ചട്ടം 22(2) കാണുക]

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് (2016-ലെ 9) 50-ാം വകുപ്പ് 2-ാം ഉപവകുപ്പ് & 36-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം പെരുമ്പാവൂർ മാസ്റ്റർ പ്ലാനിന്റെ വ്യതിയാനത്തിന് സർക്കാർ അനുമതി നൽകിയ വസ്തുത അറിയിക്കുന്ന നോട്ടീസ്

റഫ. നം തസ്വഭവ-ആർ.ഡി3/105/2025-തസ്വഭവ. തീയതി, തിരുവനന്തപുരം, *2025 നവംബർ, 10*

താഴെ പറയുന്ന അതിരുകളോട്ടു കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിന്റെ ഭാഗത്തിനായി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പെരുമ്പാവൂർ മുനിസിപ്പൽ കൗൺസിൽ പരിഷ്കരണങ്ങളോട്ടു കൂടി സ്വീകരിച്ച പെരുമ്പാവൂർ മാസ്റ്റർ പ്ലാനിന്റെ വ്യതിയാനത്തിന് 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ (2016-ലെ 9) 50-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരവും 36-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ.)നം.211/2025/തസ്വഭവ. തീയതി 06.11.2025 പ്രകാരം സർക്കാർ അംഗീകരിച്ചതായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : ഒക്കൽ, കൂവപ്പടി ഗ്രാമപഞ്ചായത്തുകൾ.

കിഴക്ക് : രായമംഗലം ഗ്രാമപഞ്ചായത്ത്.

തെക്ക് : രായമംഗലം , വെങ്ങോല ഗ്രാമ പഞ്ചായത്തുകൾ

പടിഞ്ഞാറ് : വാഴക്കുളം ഗ്രാമ പഞ്ചായത്ത്, പെരിയാർ നദി.

മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ.

(എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ – ഇല്ല

(ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ – ഇല്ല

(സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കിയ വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണം സഹിതം വിശദീകരിക്കുക – ബാധകമല്ല.

(ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ – ഇല്ല

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റിലെ 36-ാം വകുപ്പ് (10)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പോലെ, പെരുമ്പാവൂർ മുനിസിപ്പൽ കൗൺസിൽ മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും, വിനിയോഗിക്കുകയോ, വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ ഭൂവിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

അനുപമ ടി. വി.

*ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.11.10 03:00:54 +05:30